No. of Printed Pages : 5 **FML-01**

# BACHELOR'S DEGREE PROGRAMME (BDP)

## Term-End Examination

## December, 2024

## FML-01 : FOUNDATION COURSE IN MALAYALAM

*Duration : 2 Hours* *Maximum Marks: 50*

പ്രിൻറ് ചെയ്ത പേജുകളുടെ എണ്ണം: 5 **FML-01**

ബാച്ചിലേഴ്സ് ഡിഗ്രി പ്രോഗ്രാം (ബിഡിപി)

**ഡിസംബർ- 2024**

**FML-01: ഫൗണ്ടേഷൻ കോഴ്സ് ഇൻ മലയാളം**

*സമയം:* 2 മണിക്കൂർ പരമാവധി മാർക്ക്- 50

---

നിർദേശങ്ങൾ:

ചോദ്യം 1. രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക് വീതം.

ചോദ്യം 2. മൂന്നു ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക. ഓരോന്നിനും5 മാർക്ക് വീതം.

ചോദ്യം 3. തർജ്ജമ (ചോയ്സ് ഇല്ല) - 5 മാർക്ക്.

ചോദ്യം 4. എല്ലാ ചോദ്യത്തിനും ഉത്തരമെഴുതണം. 1 മാർക്ക് വീതം.

ചോദ്യം 5. ഉത്തരമെഴുതുമ്പോൾ അതാത് ചോദ്യത്തിന് നമ്പറിട്ട് എഴുതുക.

---

**P. T. O.**

1. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉപന്യാസം രീതിയിൽ ഉത്തരമെഴുതുക (ഏതെങ്കിലും 2 എണ്ണം മാത്രം). 2x10 =20

(a) 'നാലുകെട്ട്' എന്ന കൃതിയിലൂടെ എം.ടി. വാസുദേവൻ നായർ വരച്ചു കാണിച്ച അപ്പുണ്ണി എന്ന പ്രധാന കഥാപാത്രത്തെ ആസ്പദമാക്കിവീറും വാശിയോടും പ്രതികരിക്കുന്ന അയാളുടെ ചിത്രം വർണ്ണിക്കുക. എം.ടി എന്ന കഥാകൃത്തിനെക്കുറിച്ചുംഅദ്ദേഹത്തിന്റെ കഥാകഥനപാടവത്തെക്കുറിച്ചുംവിലയിരുത്തുക.

(b) സന്ധിയെന്നാൽ എന്ത്?ലോപ സന്ധി, ആഗമ സന്ധി, ദിത്വസന്ധി, ആദേശ സന്ധി എന്നിവ വിവരിക്കുകയും ഉദാഹരണ സഹിതം നിർവ്വചിക്കുകയും ചെയ്യുക.

(c) മനുഷ്യൻ ഒരു സമൂഹജീവിയായി ജീവിക്കുന്നിടത്തോളം കാലം കുടുംബം നിറവേറ്റുന്നധർമ്മബോധവും കെട്ടുറപ്പും എത്രമാത്രം അത്യന്താപേക്ഷിതമാണെന്ന് വിലയിരുത്തി ഒരു ഉപന്യാസം തയ്യാറാക്കുക. അത് രാജ്യത്തിന്റെ വളർച്ചയ്ക്കും ഭദ്രതയ്ക്കും പ്രധാന ഘടകമായി തീരുന്നുവെന്ന് വിലയിരുത്തുക.

(d) മനസ്സും മസ്തിഷ്ക്കവുംതമ്മിലുള്ള ബന്ധവും ഇന്ദ്രിയങ്ങളുടെ പ്രവർത്തനത്തെപ്പറ്റിപ്രതിപാദിച്ചുകൊണ്ടും മനസ്സിനെ നോവിപ്പിക്കുന്നവികാരങ്ങളും വീണ്ടും ഉന്മേഷത്തോടെപ്രവർത്തിക്കാനുള്ളകഴിവ്

മനസ്സ് എങ്ങനെ നിലനിർത്തുന്നുവെന്നും ഉള്ള കാര്യങ്ങളെക്കുറിച്ച് വിശദീകരിക്കുക.

(e) തന്റെ പ്രിയപ്പെട്ട കുഞ്ഞ് ആകസ്മികമായിഅന്തരിച്ചു പോയതും മാമ്പഴം പെറുക്കുവാൻ വരുന്നില്ലെന്നു പറഞ്ഞത് യാഥാർത്ഥ്യമായിപരിണമിച്ചു പോയതിൽ അമ്മയ്ക്കുണ്ടായതീരാവ്യഥയുംമാമ്പഴം എന്ന കവിതയെ അടിസ്ഥാനമാക്കി വർണ്ണിക്കുക.

2. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്ക്ഉത്തരമെഴുതുക. 3x5 =15

(a) ഫംഗസുകളെക്കുറിച്ച് ആന്റൺ ഡിബാറിയുംപ്രിവോസ്റ്റും നടത്തിയ പഠനങ്ങളെക്കുറിച്ച് വിലയിരുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

(b) നാടകത്തിന്റെ പ്രധാന ഏവ? നിർവ്വചിക്കുക.

(c) കാരകസമാസങ്ങൾ എന്ത്? ഉദാഹരണ സഹിതം വിവരിക്കുക.

(d) കുറ്റിപ്പുഴകൃഷ്ണപിള്ളയുടെബുദ്ധദർശനം എന്ന ഉപന്യാസത്തെ അടിസ്ഥാനമാക്കി അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ നിർണ്ണയിക്കുക.

(e) ഫീച്ചറിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്. വിവരിക്കുക.

(f) കുറിപ്പ് എന്നാലെന്ത്? അതിന്റെ പ്രത്യേകതകളെ പ്രതിപാദിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

3. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേക്ക് വിവർത്തനം/തർജ്ജമ ചെയ്യുക. 5

Despite several declarations and efforts aimed at transforming the "era of war into era of peace" series of terror, violence, suicide bombing and war continue to prevail in this era. There have been several efforts by various governments of various countries, unfortunately nothing much could be achieved. Several nations are thinking of their glorious past and how they have suppressed and ruled large chunk of the countries resolving the issues concerning the histories would be better for a duration place and conflict resolutions should be achieved the world over. Otherwise humanity is staring at a black future and climate changes have brought untold miseries for the humanity. All of a sudden there are flash floods, cloud burst, torrential rains as we can see in the Himalayan ranges.

4. താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 10x1 =10

(a) ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

(i) പൂർണ്ണക്രിയ, അപൂർണ്ണക്രിയ എന്നിവയെ ഉദാഹരണ സഹിതം നിർവ്വചിക്കുക.

(ii) പേരെച്ചംഎന്നാലെന്ത്?

(iii) അംഗി വാക്യവും അംഗവാക്യവും തമ്മിലുള്ള വ്യത്യാസം എന്താണ്.

(iv) അന്തർദേശീയ വാർത്തയെന്നാലെന്ത്?

(v) മുഖപ്രസംഗത്തിന്റെ പ്രാധാന്യമെന്താണ്.

(b) പൂരിപ്പിക്കുക

(i) സി.ജെ. തോമസ് പ്രതിഭാശാലിയായ ____________ ആയിരുന്നു (കവി, നാടകകൃത്ത്, വിമർശകൻ)

(ii) കേസരി ബാലകൃഷ്ണപിള്ളയെ കാണാനെത്തിയ യുവാവിന്റെ പേര് ____________ എന്നായിരുന്നു(തകഴി ശിവശങ്കരപ്പിള്ള, എം.ടി. വാസുദേവൻ നായർ, എസ്.കെ. പൊറ്റക്കാട്)

(iii) നാലുകെട്ട് രചിച്ചത് ____________ എന്ന നോവലിസ്റ്റ് ആയിരുന്നു. (തകഴി ശിവശങ്കരപ്പിള്ള, എം.ടി. വാസുദേവൻ നായർ, പി.സി. കുട്ടികൃഷ്ണൻ)

(iv) ഹിബിസ്കസ് റോസ എന്ന സാധാരണ ചെടിയെ മലയാളികൾ വിളിക്കുന്നത് ഏത് പേരിലാണ്?
(താമര, ചെമ്പരത്തി, നന്ത്യാർവട്ടം)